# എറണാകുളം - അങ്കമാലി അതിരൂപത

## വിശ്വാസപരിശീലനകേന്ദ്രം

# രണ്ടാം സെമസ്റ്റർ പരീക്ഷ

**27.01.2019** **മാർക്ക് - 50**

**2 pm - 4 pm** **STD - XI** **സമയം - 2 മണിക്കൂർ**

***നിർദ്ദേശങ്ങൾ:*** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക 1x 5=5

1. 'അന്ധകാരത്തിൽ സ്ഥിതിചെയ്തിരുന്ന ജനങ്ങൾ വലിയ പ്രകാശംകണ്ടു. മരണത്തിന്റെ മേഖലയിലും നിഴലിലും വസിച്ചിരുന്നവർക്കായി ഒരു ദീപ്തി ഉദയം ചെയ്തു.'

   1. മർക്കോസ് 4:16  2. മത്തായി 4:16  3. ലൂക്ക 4:16

2. ഓരോരുത്തർക്കും അർഹതപ്പെട്ടത് നൽകാതിരിക്കുന്നതാണ്.

   1. അധർമ്മം  2. അനീതി  3. അസത്യം

3. ദൈവസ്നേഹം കവിഞ്ഞൊഴുകുന്നതിന്റെ പ്രവർത്തി രൂപമാണ്.

   1. പ്രേഷിതപ്രവർത്തനങ്ങൾ  2. കാരുണ്യപ്രവർത്തികൾ  3. സൃഷ്ടികർമ്മം

4. ദൈവാശ്രയത്തിൽകഴിയുന്നവനെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കുന്നു വെന്നതിന് നിരവധി തെളിവുകൾ ഉള്ളത്.

   1. വിശുദ്ധ ഗ്രന്ഥത്തിൽ  2. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ  3. വത്തിക്കാൻ കൗൺസിൽ രേഖകളിൽ

5. 2018 ലെ ആഗോളമെത്രാൻ സിനഡിന്റെ വിഷയം.

   1. യുവജനം വിശ്വാസം-വെല്ലുവിളി  2. യുവജനം വിശ്വാസം-മാധ്യമങ്ങൾ
   3. യുവജനം വിശ്വാസം-വിളിസംബന്ധമായ വിവേചിച്ചറിയൽ

## B. പൂരിപ്പിക്കുക 1x 5=5

6. ഒരു വ്യക്തി സ്ത്രീയോ പുരുഷനോ ആയി ജനിക്കുന്നത് ——————

7. മനുഷ്യോചിതമായി ജീവിക്കാൻ ആവശ്യമായവിധം —————— ഉപയോഗിക്കാൻ എല്ലാവർക്കും അവകാശമുണ്ട്.

8. പോളണ്ടിലെ കരിങ്കൽമടയിൽ നിന്ന് പത്രോസിന്റെ സിംഹാസനത്തിലെത്തിയ മാർപ്പാപ്പ ——————

9. ലോകമെമ്പാടും നിലനിൽക്കുന്ന പ്രധാന സാമൂഹ്യതിന്മയാണ് ——————

10. "—————— അകപ്പെടാതിരിക്കാൻ നിങ്ങൾ ഉണർന്നിരുന്ന് പ്രാർത്ഥിക്കുവിൻ" മർക്കോ. 14,38)

## C. മൂന്നോ നാലോ വാചകങ്ങളിൽ ഉത്തരമെഴുതുക 2x 7=14

11. ക്രിസ്തുശിഷ്യന്റെ ദൗത്യം എന്താണ്?

12. മദ്യപാനം കുടുംബത്തെയും സമൂഹത്തെയും എങ്ങനെ ബാധിക്കുന്നു?

13. തൊഴിലിനെകുറിച്ച് തോമസ് ആൽവ എഡിസന്റെ അഭിപ്രായമെന്ത്?

14. "ദൈവത്തിനുള്ളത് ദൈവത്തിനും സീസറിനുള്ളത് സീസറിനും" എന്നത് കൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

15. ബ്രഹ്മചാരിയായ ഈശോയെ അനുകരിക്കുന്നതാണ് ബ്രഹ്മചര്യം. വിശദമാക്കുക.

16. നല്ലകുമ്പസാരത്തിനു വേണ്ട കാര്യങ്ങൾ ഏവ?

17. ജപമാലയിലെ മഹിമയുടെ മൂന്നാം രഹസ്യമെഴുതുക.

## D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു പേജിൽ കുറയാതെ എഴുതുക.

**5x 2=10**

18. ലോകത്തിന്റെ പ്രകാശമായി, മറ്റുള്ളവർക്കു വഴികാട്ടിയായി, അവർക്ക് ശക്തി പകർന്ന് എപ്രകാരം ജീവിക്കാമെന്ന് തിരുവചന ഉദ്ധരണികളിലൂടെ വ്യക്തമാക്കുക.

19. അദ്ധ്വാനത്തെ എങ്ങനെ ദൈവാരാധനയാക്കിമാറ്റാം. വിശദമാക്കുക.

20. സമ്പത്തിന്റെ വിനിയോഗം എപ്രകാരമായിരിക്കണമെന്ന് വിശദമാക്കുക.

## E. രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക **6x 1=6**

21. 'മാതാപിതാക്കളും മക്കളും ഒരുമയിൽ ജീവിക്കുന്ന കുടുംബമാണ് ഭൂമിയിലെ സ്വർഗ്ഗം.' 'ഒരുമിച്ച് പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ച് നിലനില്ക്കും.' ഈ പ്രസ്താവനകളുടെ വെളിച്ചത്തിൽ കുടുംബങ്ങളെ സ്വർഗ്ഗതുല്യമാക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

| | |
|---|---|
| 22. ഇന്റേണൽ അസ്സെസ്സ്മെന്റ്: കാണുക *വചനദീപം* 42 | 10 |

# ഉത്തര സൂചിക 11-ാം തരം

1. മത്തായി 4:16 (L 12, PAGE-84, LAST PARAGRAPH)
2. അനീതി (L11, PAGE-76, LAST PARAGRAPH)
3. സൃഷ്ടിക്കർമ്മം (L10, PAGE-70, PARAGRAPH-3RD )
4. വിശുദ്ധ ഗ്രന്ഥത്തിൽ (L9, PAGE-63, PARAGRAPH-1ST )
5. യുവജന വിശ്വാസം-വിളി സംബന്ധമായ തിരിച്ചറിയൽ (സത്യദീപം NOV 22-28)
6. ദൈവനിശ്ചയപ്രകാരം (L8, PAGE-58, PARAGRAPH-2ND)
7. പ്രപഞ്ചവസ്തുക്കൾ (L9, PAGE-64, PARAGRAPH-3RD )
8. ജോൺപ്പോൾ രണ്ടാമൻ (L10, PAGE-69, PARAGRAPH-1ST )
9. വിവേചനം (L11, PAGE-77, PARAGRAPH-3RD )
10. പ്രലോഭനത്തിൽ (മർക്കോസ് 14:38) ബൈബിൾ
11. അൂല്യങ്ങളെയും, സത്യങ്ങളെയും നശിപ്പിക്കുന്നവരിൽ നിന്ന് അവയെ സംരക്ഷിക്കു -മൂല്യങ്ങളുടെ സംവാഹകരാക്കുക, അവയ്ക്കായി നിലകെള്ളുക-സാമൂഹ്യതിന്മകളെ എതിർക്കുക (L12, PAGE-83, LAST PARAGRAPH )
12. സമൂഹത്തിന്റെ സുസ്ഥിതി തകർക്കുന്നു-രോഗങ്ങൾ-സാമൂഹികപ്രശ്നങ്ങൾ-കുടുംബത്തിന്റെ സമാധാനം പോകുന്നു-ദാര്യദ്രം-കുട്ടികളുടെ വ്യക്തിതവികസനം മുരടിക്കുന്നു-അന്തസുറ്റ ബന്ധങ്ങൾ കുറയുന്നു (L11, PAGE-78, PARAGRAPH-2ND)
13. ജീവസന്ധാരണത്തിനുള്ള ഏറ്റവും മാന്യമായ വഴി അധ്വാനം-അധ്വാനിക്കാതെ ജീവിക്കുന്നവൻ മോഷ്ടാവാണ്- എഡിസൺ "വിലപ്പെട്ടത്തൊന്നും..." (L10, PAGE-69,LAST PARAGRAPH)
14. ദൈവത്തിനും രാഷ്ട്രത്തിനും ഉതകുന്നവർ ആകണം-നികുതി കൊടുക്കുന്നത് പൗരന്റെ കടമയാണ്-നികുതി സമൂഹത്തിന്റെ നന്മയ്ക്കും വികസനത്തിനുംസംരക്ഷണത്തിനും ഉപയോഗപ്പെടും- (L9, PAGE-65, LAST PARAGRAPH)
15. വൈദികരും, സമർപ്പിതരും, സന്ന്യസ്തരും ബ്രഹ്മചാരികളാണ്-വിഭജിക്കാത്ത ഹൃദയത്തോടെ ദൈവത്തിന് സ്വയം നല്കുന്നു-ദൈവത്തിന്റെ സ്വന്തം ആകുന്നു-ഇവരിലൂടെ ദൈവം അനുഗ്രഹിക്കുന്നു-ലൈംഗികതയുടെ ഉദാത്തഭാവം-ഈശോയെ അുെത്ത അനുകരിക്കാനുള്ള മാർഗ്ഗം (L8, PAGE 59- 60)
16. നമസ്ക്കാരങ്ങൾ 12
17. നമസ്ക്കാരങ്ങൾ
18. (L12, PAGE 84-85)
19. (L10, PAGE -71)
20. (L9, PAGE 64-65)
21. പൊതുചോദ്യം

# എറണാകുളം - അങ്കമാലി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
## രണ്ടാം സെമസ്റ്റർ പരീക്ഷ

28.01.2018 — മാർക്ക് - 50

2 pm - 4 pm — **STD - XI** — സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

### A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക — 1x 5=5

1. കാർഷികവൃത്തിയെയും, കർഷകത്തൊഴിലാളികളെയും കുറിച്ച് പ്രതിപാദിക്കുന്ന ജോൺ 23-ാമൻ മാർപാപ്പയുടെ ചാക്രിക ലേഖനം

   1. റേരും നൊവാരും 2. മാതാവും ഗുരുനാഥയും 3. സാമൂഹിക ഔൽസുക്യം

2. "ജീവിതത്തിലെ ഏറ്റവും വലിയ സൗഭാഗ്യം സ്നേഹമാണ്".

   1. വില്യം ടെമ്പിൾ 2. വി. മദർ തെരേസ 3. വി. പൗലോസ്

3. "മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നൽകുന്നതിനു മുമ്പ് ഞാൻ നിന്നെ അറിഞ്ഞു".

   1. ജെറെമിയ 1:4 2. ഏശയ്യ 1:4 3. ജെറെമിയ 4:1

4. പാപ പങ്കിലമായ മനുഷ്യ പ്രകൃതിയിലെയും സൃഷ്ട പ്രപഞ്ചത്തിലെയും അശുദ്ധിയെ ശുദ്ധീകരിക്കാൻ കടപ്പെട്ടവർ

   1. അക്രൈസ്തവർ 2. ക്രൈസ്തവർ 3. പുരോഹിതർ

5. "പറുദീസ വെറും ഒരു ഭാവനാസൃഷ്ടിയല്ല വശീകരണ ഉദ്യാനമല്ല അത് ദൈവത്തിന്റെ ദാനമാണ്.അത് ദൈവസ്നേഹത്തിന്റെ പൂർത്തീകരണമാണ്."

   1. വി. ക്രിസോസ്റ്റോം 2. ഫ്രാൻസിസ് മാർപാപ്പ 3. വി. ഹില്ലരി

### B. പൂരിപ്പിക്കുക — 1x 5=5

6. സ്നേഹിക്കാനും ജീവൻ പകരാനും നമ്മെ പ്രാപ്തമാക്കുന്ന സർഗ ശക്തിയാണ്———.

7. മനുഷ്യന്റെ ———ആണ് അനീതിയുടെ മൂലകാരണം.

8. കാർഡിനൽ ന്യൂമാന്റെ പ്രസിദ്ധമായ പ്രാർത്ഥനയാണ്———.

9. സമ്പത്ത് നമ്മുടെ സ്വന്തമല്ല. ദൈവം നൽകിയ സമ്പത്തിന്റെ ——— മാത്രമാണ് നമ്മൾ.

10. ———അകപ്പെടാതിരിക്കാൻ ഉണർന്നിരുന്ന് പ്രാർത്ഥിക്കുവിൻ

### C. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക — 2x 7=14

11. ദൈവത്തിനായി മാറ്റി വെയ്ക്കേണ്ട ദശാംശം ഏതെല്ലാം കാര്യങ്ങൾക്കായി വിനിയോഗിക്കണം.

12. മറ്റുള്ളവർക്കുവേണ്ടി ശക്തി പകരേണ്ടവരാണ് ക്രൈസ്തവർ വ്യക്തമാക്കുക

13. അധ്വാനം ദൈവാരാധനയായ് മാറ്റിയവരുടെ തൊഴിലിനോടുള്ള മനോഭാവം എന്തായിരുന്നു?

14. ജീവിതത്തെ സർഗാത്മകമാക്കാൻ സഹായിക്കുന്ന ലൈംഗികതയെക്കുറിച്ചുള്ള നമ്മുടെ മനോഭാവം എന്തായിരിക്കണം?

15. 'ഞാൻ ലോകത്തിന്റെ പ്രകാശമാണ്' എന്ന് തന്റെ ശിഷ്യന്മാരോട് പറഞ്ഞതിലൂടെ ഈശോ അർത്ഥമാക്കിയത് എന്താണ്?

16. ഒരു സമൂഹത്തിന്റെ സാംസ്കാരിക അധഃപതനത്തിന്റെ പ്രതിഫലനമാണ് സ്ത്രീ പീഢനങ്ങൾ. സ്ത്രീകളെ ആദരവോടെ പരിഗണിക്കുവാൻ സ്വീകരിക്കേണ്ട മനോഭാവമെന്ത്?

17. മൂലപാപങ്ങൾക്കെതിരായ പുണ്യങ്ങൾ എഴുതുക

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു പേജ് വീതം ഉത്തരം എഴുതുക.**

5x 2=10

18. തിരുസഭയിലെ സാമൂഹിക പ്രബോധനങ്ങളിലെ ഏതെങ്കിലും 4 പ്രബോധനങ്ങളെക്കുറിച്ച് വിവരിക്കുക.

19. 'അധ്വാനിച്ച് ജീവിക്കുക' എന്നത് മനുഷ്യന്റെ കടമയാണ്. വിശദീകരിക്കുക?

20. സാമൂഹിക തിന്മകളായ മദ്യപാനം, മയക്കുമരുന്ന്, മാധ്യമ ദുരുപയോഗം ഇവയോട് നാം പ്രതികരിക്കേണ്ടത് എങ്ങിനെ?

**E. രണ്ടു പേജിൽ ഉപന്യസിക്കുക** 6x 1=6

21. സാമൂഹിക തിന്മകളായ അനീതി, അസമത്വം, വിവേചനം, സ്ത്രീകൾക്കെതിരെയും കുട്ടികൾക്കെതിരെയും അക്രമം എന്നിവയ്ക്കെതിരെ ശബ്ദമുയർത്തുവാനും നിലകൊള്ളുവാനും വാഴ്ത്തപ്പെട്ട സി. റാണി മരിയയുടെ രക്തസാക്ഷിത്വ ജീവിതം എപ്രകാരം നമ്മെ പ്രചോദിപ്പിക്കുന്നു?

| | |
|---|---|
| 21. ഇന്റേണൽ അസ്സെസ്സ്മെന്റ് : വചനദീപം പേജ് 33 | 10 |

പതിനൊന്നാം ക്ലാസ്സ് - ഉത്തരങ്ങൾ

A.

1. മാതാവും ഗുരുനാഥയും – Ch. 10, p. 70
2. വില്യം ടെമ്പിൾ Ch. 8, p. 56
3. ജെറമിയ 1 :4 Ch. 8, p.58
4. ക്രൈസ്തവർ Ch. 12, p.84
5. ഫ്രാൻസിസ് മാർപ്പാപ്പ - സത്യദീപം November 2-8

B.

6. ലൈംഗീകത – Ch. 8, p. 60
7. സ്വാർത്ഥത – Ch. 11, p. 76
8. വെളിച്ചമേ നയിച്ചാലും Ch. 12, p.83
9. കാര്യസ്ഥർ Ch. 9, p. 63
10. പ്രലോഭനത്തിൽ Mark 14: 38

C.

11. ദൈവാരാധനക്കും ദൈവശുശ്രൂഷകരുടെ സംരക്ഷണത്തിനുമായുള്ള സഭയുടെ പ്രവർത്തനങ്ങളെ സഹായിക്കാനായി നൽകുക
ദരിദ്രരുടെ സഹായത്തിനായി നൽകുക
വിവിധ സുവിശേഷ പ്രഘോഷണ പ്രവർത്തനങ്ങളെയും സംവിധാനങ്ങളെയും സഹായിക്കാനായി നൽകുക - Ch. 9; p.66

12. ക്രിസ്തുശിഷ്യരുടെ ജീവിതം മറ്റുള്ളവർക്ക് ഉണർവും ശക്തിയും പകരണം
വീട്ടിലും നാട്ടിലും പഠനസ്ഥലത്തും പണിശാലയിലുമൊക്കെ സത്യസന്ധമായ പെരുമാറ്റവും പരസ്നേഹത്തിലധിഷ്ഠിതമായ പ്രവർത്തികളും വഴി പ്രകാശമായി തീരുക.
നമ്മുടെ ജീവിതം വഴി അനേകർ ദൈവത്തെ സ്തുതിക്കാൻ ഇടയാകണം - Ch.12; p. 85

13. സത്യസന്ധതയോടും അർപ്പണമനോഭാവത്തോടും കൂടി തൊഴിൽ ചെയ്യുന്നവർ, ആദരപൂർവം സ്വന്തം തൊഴിൽ നിർവഹിക്കുന്നവർ, തങ്ങൾക്കുവേണ്ടി അധ്വാനിക്കുന്നവർക്കായി പ്രാർത്ഥിക്കുന്നവർ ദൈവമഹത്വത്തിനായി തൊഴിലെടുക്കുന്നവർ തൊഴിലിനെ മനുഷ്യസേവനമായി കാണുന്നവർ Ch. 10; p.71

14. മാനസികവും വൈകാരികവുമായ പ്രവർത്തനങ്ങൾക്കാവശ്യമായ ഊർജ്ജം ലഭിക്കുന്നതിന് ലൈംഗീകത നമ്മെ സഹായിക്കുന്നു.
സമർപ്പണമനോഭാവത്തോടെ സ്നേഹിക്കാൻ പ്രാപ്തരാക്കുന്നത് ലൈംഗീകതയാണ്

സ്വന്തം ലൈംഗികതയെ വിലമതിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഒരാൾക്ക് മാത്രമേ മറ്റുള്ളവരുടെ ലൈംഗികതയെ വിലമതിക്കാനും ആദരിക്കാനും കഴിയു - Ch. 8, p.57

15. പ്രകാശമായ യേശുവിനെ അനുഗമിക്കുന്നവർ
അന്ധകാരത്തിൽ നടക്കുകയില്ല,
അവർക്കു ജീവൻറെ പ്രകാശം ഉണ്ടാകും എന്ന്
അർത്ഥമാക്കിയിരിക്കുന്നു.
യേശു മനുഷ്യരുടെ വെളിച്ചമായിരുന്നു. ഇരുളിൽ പ്രകാശിക്കുന്ന വെളിച്ചമാണ് യേശു. മരണത്തിൻറെ മേഖലയിലും നിഴലിലും വസിച്ചിരുന്നവർക്കായി യേശുവിലൂടെ പ്രകാശം ഉദയം ചെയ്തു. Ch. 12, p.84

-------------------------------------------

"നിങ്ങൾ ലോകത്തിൻറെ പ്രകാശമാകുന്നു" എന്ന പറഞ്ഞത് വഴി യേശു എന്താണ് അർത്ഥമാക്കിയത് എന്ന രീതിയിലാണ് ഉത്തരമെഴുതിയിരിക്കുന്നതെങ്കിൽ അതും പരിഗണിക്കാവുന്നതാണ് - Ch. 12; പേജ് 85, ഒന്നാം ഖണ്ഡിക

16. സ്ത്രീകൾക്ക് എല്ലായിടങ്ങളിലും സുരക്ഷിതത്വം ഉറപ്പാക്കുക
സ്ത്രീധന സംബന്ധമായ കാര്യങ്ങൾ പൂർണമായും ഒഴിവാക്കുക
കുടുംബങ്ങളിൽ സമഭാവനയോടെ സ്ത്രീകളെ കാണുക. പരസ്പരം അംഗീകരിക്കുക, ആദരിക്കുക Ch. 11; p.77
കച്ചവട മനഃസ്ഥിതിയോടെ സ്ത്രീയെ പ്രദർശനവസ്തുവാക്കാതിരിക്കുക

17. എളിമ, ഔദാര്യം, അടക്കം, ക്ഷമ, മിതഭോജനം, ഉപവി, ഉത്സാഹം - Namaskarangal - No. 22

D. 18. 1. റേരും നോവാരും, - തൊഴിലാളികളുടെ അവകാശ പത്രിക എന്നും സാമൂഹികക്രമത്തിൻറെ മാഗ്നാകാർട്ടാ എന്നും ഇതറിയപ്പെടുന്നു
2. ക്വദ്രജേസിമോ അന്നോ - സാമൂഹിക പ്രശ്നങ്ങൾക്കുള്ള ക്രൈസ്തവ പരിഹാരം നിർദേശിക്കുന്നു.
3. മാതാവും ഗുരുനാഥയും - കാർഷിക വൃത്തിയും വികസ്വര രാജ്യങ്ങളും എന്നതാണ് പ്രധാന ചർച്ചാവിഷയം.
4. ഭൂമിയിൽ സമാധാനം - ഭൂമിയിൽ സമാധാനം സ്ഥാപിക്കാനും നിലനിർത്താനും വ്യക്തികളും രാഷ്ട്രങ്ങളും നിറവേറ്റേണ്ട കടമകളും അംഗീകരിച്ചു നൽകേണ്ട അവകാശങ്ങളുമാണ് ഇതിലെ പ്രധാന പ്രതിപാദ്യം

5. ജനതകളുടെ പുരോഗതി - സമ്പന്ന രാഷ്ട്രങ്ങളും ദരിദ്ര രാഷ്ട്രങ്ങളും തമ്മിൽ സമ്പത്തു പങ്കിടുന്നതിൻറെ പ്രാധാന്യമാണ് പ്രമേയമാക്കിയിരിക്കുന്നത്

6. സാമൂഹിക ഔത്സുക്യം - സാമൂഹിക പ്രശനങ്ങളെക്കുറിച്ചു സഭക്കുള്ള ഔത്സുക്യം പ്രകടമാക്കുന്നു. ലോക സമ്പത്തിൻറെ നീതിപൂർവകമായ വിതരണം ക്രൈസ്തവമാർഗ്ഗത്തിലൂടെ മാത്രമേ സാധിക്കുവെന്നു എടുത്തു പറയുന്നു.

7. നൂറാം വര്ഷം - കമ്മ്യൂണിസത്തിന് ആഗോള തലത്തിലുണ്ടായ തകർച്ചയും അതിൻറെ കാരണങ്ങളും ഇതിൽ വ്യക്തമാക്കുന്നു. ആധുനികലോകം നേരിടുന്ന നിരവധി സാമൂഹിക പ്രശ്നങ്ങൾക്കുള്ള പരിഹാര മാർഗങ്ങളും നിർദ്ദേശിക്കുന്നു. Ch. 9; p.66-67

19. അധ്വാനിച്ചു ജീവിക്കാനുള്ള ആഹ്വാനം ബൈബിളിൽ കാണാം ( നിയമാ 5 :13; പ്രഭാ 40:18; മത്തായി 11:21) പ്രേഷിത പ്രമുഖനായ പൗലോസും അധ്വാനത്തിൻറെ ആവശ്യകതയെക്കുറിച്ചു പലവട്ടം പറഞ്ഞിട്ടുണ്ട്. മനുഷ്യൻ അധ്വാനിക്കുമ്പോൾ വ്യക്തിത്വ വികാസം സാധിക്കുന്നു. ജ്ഞാനമാർജിക്കുകയും തൻറെ കഴിവുകൾ വികസിപ്പിച്ചുകൊണ്ട് തനിക്കു പുറത്തും തനിക്കുപരിയായും വ്യാപാരിക്കുകയും ചെയ്യുന്നു. നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കുക, അധ്വാനിക്കുക കടമയാണ് കഴിവുകൾ വികസിക്കുക, അറിവുകൾ നേടുക, സമൂഹം വളരുകയും ചെയ്യുന്നത് അധ്വാനത്തിലൂടെയാണ്. അധ്വാനിക്കാൻ കഴിവും അവസരവും നൽകുന്നത് ദൈവമാണെന്ന അവബോധമാകണം അധ്വാനിക്കുന്ന ഓരോ വ്യക്തിയെയും വഴി നടത്തേണ്ടത്. Ch. 10; 71-72

20. സമൂഹത്തിൻറെ സുസ്ഥിതിയെ നശിപ്പിക്കുന്ന വൻവിപത്താണ് മദ്യപാനം, ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു, സാമൂഹിക-മാനസിക പ്രശ്നങ്ങളും സൃഷ്ടിക്കുന്നു.കുടും ബങ്ങളെ ദാരിദ്ര്യത്തിലേക്ക് നയിക്കുന്നു.

സ്വർഗ്ഗതുല്യമാകാവുന്ന കുടുംബജീവിതവും അന്തസുറ്റ സാമൂഹികബന്ധങ്ങളും ഇല്ലായ്മ ചെയ്യുന്ന വലിയ സാമൂഹിക തിന്മയാണ് മദ്യപാനം

യുവതലമുറയെ നശിപ്പിക്കുന്ന മാരകമായ തിന്മയാണ് മയക്കുമരുന്ന് മയക്കു മരുന്നിൻറെ ഇരകളയാൽ അതിൽനിന്നു മോചനം എളുപ്പമല്ല മയക്കുമരുന്നിന് അടിമകളാകുന്നവർ സാവധാനം മനസികരോഗങ്ങൾക്കു പ്രത്യേകിച്ച് വിഷാദരോഗത്തിന് അടിമകളായിത്തീരും തലച്ചോറിലെ കോശങ്ങളെയാണ് മയക്കുമരുന്ന് നശിപ്പിക്കുന്നത്

വ്യക്തിജീവിതത്തെയും സാമൂഹ്യജീവിതത്തെയും നിയന്ത്രിക്കുന്നതിൽ മാധ്യമങ്ങളുടെ സ്വാധീനം വളരെ വലുതാണ്. സാംസ്കാരിക വളർച്ചക്കും

സാമൂഹിക പ്രശ്നങ്ങളോടുള്ള പ്രതികരണങ്ങൾക്കും മാധ്യമങ്ങൾ ഉപകരിക്കാറുണ്ട്.
എന്നാൽ എളുപ്പത്തിൽ ദുരുപയോഗം ചെയ്യപ്പെടാം
തെറ്റായ ആശയങ്ങൾ, ചിന്താഗതികൾ, മനോഭാവങ്ങൾ, സ്വഭാവരീതികൾ ഇവ സൃഷ്ടിക്കാനും കഴിയുന്നു.
സാന്മാർഗികാധഃപതനത്തിലേക്ക് നയിക്കുന്നു.

**പ്രതികരിക്കേണ്ടത് എങ്ങനെ?**

**ക്രൈസ്തവരായ നമുക്ക് ഉത്തരവാദിത്വമുണ്ട്**
**മനഃസ്ഥിതി മാറ്റാനാണ് ആദ്യം ശ്രമിക്കേണ്ടത്**
**സാമൂഹിക തിന്മകളോട് എതിർത്തു നിൽക്കാനുള്ള കരുത്തും മനോഭാവവും നമ്മൾ സ്വായത്തമാക്കണം**
**ദോഷഫലങ്ങളെക്കുറിച്ചു ബോധ്യപ്പെടുകയും പ്രചരിപ്പിക്കുകയും ചെയ്യണം**
**മൂന്നുതലത്തിലാണ് സാമൂഹികതിന്മകൾക്കെതിരെ പ്രതികരിക്കാവുന്നത്**
**1 ആശയപരം - സെമിനാറുകൾ, ചർച്ചകൾ, കലാരൂപങ്ങൾ മാധ്യമങ്ങൾ എന്നിവ വഴിയായി അവബോധവും മനോഭാവവും വളർത്തുക**
**2. 2 സംഘടനപരം - ഒരേ ചിന്താഗതിയുള്ളവരെ ഒരുമിച്ചു ചേർത്ത് ഇത്തരം തിന്മകൾക്കെതിരെ ക്രിയാത്മകമായി നാം പോരാടണം. ഇങ്ങനെയുള്ള മുന്നേറ്റത്തിലൂടെ ജനങ്ങളെ സ്വാധീനിക്കാനും അവരുടെ മനോഭാവങ്ങളെ മാറ്റാനും കഴിയും**
**3 സാംസ്കാരികം - ഒരു പ്രതിസംസ്കാരം വളർത്തിയെടുക്കാൻ ശ്രമിക്കുക മതങ്ങൾക്കും സാംസ്കാരിക സംഘടനകൾക്കും മുഖ്യ പങ്കു വഹിക്കാനാവും**

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ ഡിപ്ലോമ ഒന്നാം വർഷ പരീക്ഷ

**26 - 01 - 2015** **മാർക്ക് – 50**
**2.00 pm - 4.00 pm** **STD - XI** **സമയം – 2 മണിക്കൂർ**

**ഒരുപേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും മൂന്നെണ്ണം) 15**

**(അതാതു പാഠഭാഗവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും കൈക്കൊണ്ട തീരുമാനങ്ങളും ഉൾക്കൊള്ളിച്ച് ഉത്തരങ്ങൾ എഴുതുക.)**

1. ക്രിസ്തീയ ജീവിതമനോഭാവത്തിന്റെ ഏതാനും സവിശേഷതകൾ വ്യക്തമാക്കുക. നമ്മൾ ആയിരിക്കുന്ന ഇടങ്ങളിൽ ഈ മനോഭാവത്തോടെ പെരുമാറാൻ കഴിയുന്നുണ്ടോ? വി. പൗലോസിനെപ്പോലെ നമ്മുടെ ജീവിതം കൊണ്ട് 'ഞാൻ ജീവിക്കുന്നു, എന്നാൽ ഞാനല്ല ക്രിസ്തു എന്നിൽ ജീവിക്കുന്നു' എന്നു പറയാനാകുമോ? വിവരിക്കുക. (അധ്യായം 5)
2. അധ്വാനിച്ചു ജീവിക്കുക എന്നത് മനുഷ്യന്റെ കടമയാണ്. വിശദീകരിക്കുക. എളുപ്പത്തിൽ പണമുണ്ടാക്കാനുള്ള തത്രപ്പാടിൽ അധ്വാനിക്കാൻ മടി കാണിക്കുന്ന പുതുതലമുറ നാശത്തിന്റെ വക്കിലാണെന്ന സത്യം തിരിച്ചറിയാതെ പോകുന്നുണ്ടോ? പിടിച്ചുപറിയും കളവുമൊക്കെ ഇതിന്റെ പരിണിതഫലങ്ങളല്ലേ? അധ്വാനശീലം സ്വന്തമാക്കാൻ നാം എടുക്കേണ്ട തയ്യാറെടുപ്പുകൾ എന്തെല്ലാം? വിശദമാക്കുക. (അധ്യായം 10)
3. ക്രൈസ്തവർ ലോകത്തിന്റെ പ്രകാശമാകുന്നതെങ്ങനെ? വിശദമാക്കുക. നമ്മുടെ സൽപ്രവൃത്തികൾ കണ്ട് സ്വർഗസ്ഥനായ പിതാവ് മഹത്വപ്പെടണമെന്ന് ഈശോ ആഗ്രഹിക്കുന്നു. എന്തെല്ലാം സൽപ്രവൃത്തികൾ ചെയ്താണ് അനുദിനം നാം ദൈവത്തെ മഹത്വപ്പെടുത്തുന്നത്? വിവരിക്കുക. (അധ്യായം 12)
4. സമ്പത്തിന്റെ വിനിയോഗത്തിൽ നമ്മൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ? നമ്മുടേയും മറ്റുള്ളവരുടേയും നന്മയ്ക്കുവേണ്ടി ദൈവം തന്റെ സമ്പത്ത് നമ്മെ ഭരമേല്പിച്ചു. ജീവകാരുണ്യപ്രവർത്തനങ്ങളിൽ നിങ്ങളുടെ പങ്കുചേരൽ എങ്ങനെ? മതബോധന ക്ലാസുവഴി നടത്തുന്ന ഔട്ട്റീച്ച് പ്രോഗ്രാം നമുക്കുള്ളവ ഇല്ലാത്തവരുമായി പങ്കുവയ്ക്കാൻ പ്രചോദനമാകുന്നുണ്ടോ? പ്രായോഗിക നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് നിങ്ങളുടെ അനുഭവം വ്യക്തമാക്കുക. (അധ്യായം 9)

**ഖണ്ഡിക എഴുതുക (ഏതെങ്കിലും മൂന്നെണ്ണം) 9**

**(പാഠഭാഗത്തെ ഉത്തരങ്ങളാണ് എഴുതേണ്ടത്)**

5. ലൈംഗികതയുടെ ഉദാത്ത ഭാവമാണ് ബ്രഹ്മചര്യജീവിതം. വിശദമാക്കുക (അധ്യായം 8)
6. മാധ്യമ ദുരുപയോഗം ഒരു സാമൂഹ്യ തിന്മയാകുന്നതെങ്ങനെ? (അധ്യായം 11)
7. ഈശോ പിതാവിന്റെ പ്രിയപുത്രൻ. വിശദമാക്കുക. (അധ്യായം 3)
8. മനുഷ്യജീവനോടുള്ള ആദരവ് സ്രഷ്ടാവായ ദൈവത്തോടു തന്നെയുള്ള ആദരവാണ്. വിശദമാക്കുക. (അധ്യായം 7)

**ബൈബിൾ പഠനവും നമസ്കാരങ്ങളും**

9. ദൈവവചനം എഴുതുക. യോഹന്നാൻ 6:27 – ''നശ്വരമായ.......... 1 ½
10. ''ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു.'' ഏത് അധ്യായം, എത്രാം വാക്യം? 1 ½
11. ''ഞാനും നിന്നെ വിധിക്കുന്നില്ല; പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുത്.'' (യോഹ.8/11) വിചിന്തനം എഴുതുക. 2
12. പരിശുദ്ധാരൂപിക്ക് എതിരായ പാപങ്ങൾ എഴുതുക. 3
13. പ്രകാശത്തിന്റെ നാലും അഞ്ചും ദിവ്യരഹസ്യങ്ങൾ എഴുതുക. 2

**പൊതുചോദ്യം (ഏതെങ്കിലും ഒരെണ്ണം) 6**

**(ക്രിസ്തീയ കാഴ്ച്ചപ്പാടിൽനിന്നുകൊണ്ട് ഉചിതമായ രീതിയിൽ രണ്ടു പേജിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക)**

14. ഞായറാഴ്ച ആചരണം തിരുസഭയുടെ കല്പനകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. എല്ലാ ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും മുഴുവൻ കുർബ്ബാനയിലും പങ്കുകൊള്ളണം, ആ ദിവസങ്ങളിൽ വിലക്കപ്പെട്ട വേലകൾ ചെയ്യരുത് എന്ന സഭാനിയമം പ്രാവർത്തികമാക്കാൻ, ജീവിക്കാൻ നെട്ടോട്ടമോടുന്ന ഈ കാലഘട്ടത്തിലെ മനുഷ്യരുടെ വ്യഗ്രതകൾക്കിടയിൽ നിന്നുകൊണ്ട് സാധ്യമാണോ? ഈ നിയമത്തെ നിങ്ങൾ എപ്രകാരമാണ് വിലയിരുത്തുന്നത്? വിശ്വാസപരിശീലനത്തിൽ നിന്നും നിങ്ങൾക്കു ലഭിച്ച ഉൾക്കാഴ്ച്ചകളുടെ വെളിച്ചത്തിൽ വിശദീകരിക്കുക.
15. 2013-ലെ കണക്കനുസരിച്ച് ഇന്ത്യയിൽ മദ്യപാനം ആരംഭിക്കുന്നവരുടെ ശരാശരി പ്രായം 14 വയസ്സാണ്. ദിവസവും സംസ്ഥാനത്തെ ബിവറേജ് ഷോപ്പുകൾക്കു മുൻപിൽ അച്ചടക്കത്തോടെ ക്യൂ നിൽക്കുന്ന മലയാളികളുടെ എണ്ണം പത്ത് ലക്ഷമാണ്. മദ്യപാനം കേരളത്തെ കാർന്നു തിന്നുന്ന ഈ കാലഘട്ടത്തിൽ ബാറുകൾ അടച്ചുപൂട്ടണമെന്ന കെ.സി.ബി.സി. യുടെ ആവശ്യപ്പെടലിനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ്? ജീവനും സ്വത്തിനും നാശം വിതയ്ക്കുന്ന മദ്യപാനശീലത്തെ സമൂഹത്തിൽ നിന്നും തുടച്ചു നീക്കുവാൻ നിങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ സാധിക്കും? വിശദീകരിക്കുക.

16. **ഇന്റേണൽ അസ്സെസ്മെന്റ് 10**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠ ക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (1 മാർക്ക്), മതാധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകൻ 10-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്‌ക്കൂൾ ഡിപ്ലോമ ഒന്നാംവർഷ പരീക്ഷ

26 - 01 - 2014
2.00 pm - 4.00 pm

**STD - XI**

മാർക്ക് – 50
സമയം – 2 മണിക്കൂർ

**നിർദ്ദേശങ്ങൾ**

ആദ്യത്തെ 4 ചോദ്യങ്ങൾ പാഠഭാഗത്തു നിന്നുള്ളവയാണ്. എന്നാൽ ഉത്തരങ്ങൾ അതേപടി എഴുതണം എന്ന് ഉദ്ദേശിക്കുന്നില്ല. ചോദ്യത്തിനനുസരിച്ച് അതാതു പാഠഭാഗവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും സ്വാംശീകരിച്ച കാര്യങ്ങളും ചേർത്തുവച്ച് ഉത്തരങ്ങൾ എഴുതി തയ്യാറാക്കുക. അവസാനത്തെ 2 ചോദ്യങ്ങൾക്ക് (13 & 14) ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ഉചിതമായ രീതിയിൽ ഉപന്യാസം തയ്യാറാക്കുക.

**ഒരുപേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും മൂന്നെണ്ണം) 18**

1. ഈശോ – എന്റെ രക്ഷകൻ. ലോക രക്ഷകനായ ഈശോ എങ്ങനെയാണ് നമ്മുടെ രക്ഷകനായിത്തീരുന്നത്? വിവരിക്കുക. (അധ്യായം 1)
2. ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ? വിശദമാക്കുക. ക്രിസ്തുവിലുള്ള വിശ്വാസം നിന്റെ വ്യക്തിപരമായ ജീവിതത്തിൽ എന്തുമാറ്റമാണ് വരുത്തിയിട്ടുള്ളത് / വരുത്തേണ്ടത്? (അധ്യായം 4)
3. ഉത്തമ മനഃസാക്ഷി രൂപീകരണത്തിന് പ്രത്യേകമായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ? നന്മയെയും ക്രിസ്തീയ ദർശനങ്ങളെയും മുറുകെ പിടിച്ച് മുന്നേറാൻ നാമെടുക്കേണ്ട തീരുമാനങ്ങൾ ഏവയെന്ന് വ്യക്തിപരമായി വിശദീകരിക്കുക. (അധ്യായം 6)
4. വിവാഹമെന്നത് സ്ത്രീയും പുരുഷനും ഒരുമിച്ചു ജീവിക്കുന്നതിനായി നടത്തുന്ന ഒരു ഉടമ്പടി മാത്രമല്ല, വിശുദ്ധമായൊരു കൂദാശയുമാണ്. വിവാഹം ഒരു രക്ഷാകര വിളിയാണ് എന്നതുകൊണ്ട് നിങ്ങൾ എന്ത് അർത്ഥമാക്കുന്നു? അന്യമതസ്ഥരുമായുള്ള വിവാഹം കൂടുതലായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തെ വിലയിരുത്തി, നിങ്ങളുടെ ബോധ്യങ്ങൾ എഴുതുക. ദൈവത്തിന്റെ സാന്നിദ്ധ്യവും ഇടപെടലുകളും മാതാപിതാക്കളുടെ അനുഗ്രഹവും സന്തോഷവും നഷ്ടമാക്കുന്ന ഇത്തരം വിവാഹം വിജയിക്കുമോ? (അധ്യായം 8)

**ഖണ്ഡിക എഴുതുക (ഏതെങ്കിലും രണ്ടെണ്ണം) 6**

5. ക്രിസ്തുശിഷ്യരായ നമ്മുടെ ജീവിതം മറ്റുള്ളവർക്ക് ഉണർവും ശക്തിയും പകരുന്നതാകണം. ആശയം വ്യക്തമാക്കുക. (അധ്യായം 12)
6. ദൈവാനുഗ്രഹം കൊണ്ടാണ് പണം സമ്പാദിക്കാൻ കഴിയുന്നതെന്ന് തിരിച്ചറിവുള്ള ഒരാൾ ഒരിക്കലും സമ്പത്ത് ദുരുപയോഗം ചെയ്യുകയില്ല. വിശദമാക്കുക. (അധ്യായം 9)
7. യുവതലമുറയെ നശിപ്പിക്കുന്ന മാരകമായ തിന്മയാണ് മയക്കുമരുന്നിന്റെ ഉപയോഗം. വിശദമാക്കുക. ഈ സാമൂഹ്യ തിന്മയെ ക്രിസ്തീയ പ്രതിബദ്ധതയോടെ പ്രതിരോധിക്കാൻ ഉപകരിക്കുന്ന പ്രവർത്തന പദ്ധതി തയ്യാറാക്കുക. (അധ്യായം 11)

**ബൈബിൾ പഠനവും നമസ്കാരങ്ങളും.**

8. ''ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു.'' ഏത് അധ്യായം, എത്രാം വാക്യം? 1½
9. യേശു വീണ്ടും അവരോടു പറഞ്ഞു: ''ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവന് ജീവന്റെ പ്രകാശം ഉണ്ടായിരിക്കും''. (യോഹ. 8:12) വിചിന്തനം എഴുതുക. 2
10. അന്ധനായ ഒരുവനെക്കുറിച്ച്, ആരുടെ പാപം നിമിത്തമാണ് ഇവൻ അന്ധനായി ജനിച്ചതെന്ന ശിഷ്യന്മാരുടെ ചോദ്യത്തിന് യേശുവിന്റെ മറുപടിയെന്ത്? (യോഹ. 9:2) 1½
11. ബർണ്ണാർദു പുണ്യവാന്റെ ജപം (എത്രയും ദയയുള്ള മാതാവേ) എഴുതുക. 2½
12. ജപമാലയിലെ പ്രകാശത്തിന്റെ 1 ഉം 2 ഉം രഹസ്യങ്ങളെഴുതുക. 2½

**പൊതുചോദ്യങ്ങൾ**

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക 16**

13. ജീവസംസ്കാരം വളർത്തുക ക്രൈസ്തവ ധർമ്മമാണ്. ജീവൻ സംരക്ഷിക്കാനും വളർത്താനുമുള്ള കടമ ഓരോ ക്രൈസ്തവനുമുണ്ട്. വൃദ്ധരായ മാതാപിതാക്കളെ തള്ളിപ്പറയുമ്പോൾ, തന്റെ തന്നെ ജീവന്റെ ജീവനായ മക്കളെ ദുരുപയോഗിക്കുമ്പോൾ ഈ കടമ വിസ്മരിക്കുകയല്ലെ ചെയ്യുന്നത്? വൃദ്ധരായ മാതാപിതാക്കളോടും മക്കളോടുമുള്ള കടമകൾ എങ്ങനെ നിർവ്വഹിക്കപ്പെടണം? വിവരിക്കുക.
14. നന്നായി ചിലവഴിച്ച ഒരു ദിനത്തിന്റെ അന്ത്യത്തിൽ നല്ല ഉറക്കം ലഭിക്കുന്നതുപോലെ, നന്നായി ജീവിച്ച ഒരു ജീവിതത്തിന് നല്ല മരണവും ലഭിക്കും. മരണമല്ലേ യഥാർത്ഥത്തിൽ എനിക്ക് മുമ്പിൽ സുനിശ്ചിതമായിട്ടുള്ളത്? ക്രിസ്തുവിൽ വിശ്വസിക്കുന്നവന്റെ മരണത്തിന് എന്തെങ്കിലും പ്രത്യേകതയുണ്ടോ? 'മരണാനന്തര ജീവിതം' എന്നൊന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം എഴുതാം. ഒപ്പം 'നീ' എടുക്കേണ്ട തീരുമാനങ്ങളും.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ ഡിപ്ലോമ പരീക്ഷ

26 - 01 - 2013 — മാർക്ക് – 50
02.00 pm - 04.00 pm — സമയം – 2 മണിക്കൂർ

**STD - XI**

**നിർദ്ദേശങ്ങൾ**

**ആദ്യത്തെ 5 ചോദ്യങ്ങൾ (PART - A) പാഠഭാഗത്തു നിന്നുള്ളവയാണ്. ചോദ്യത്തിനനുസരിച്ച് അതാതു പാഠഭാഗവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും സ്വാംശീകരിച്ച കാര്യങ്ങളും ചേർത്തു വച്ച് ഉത്തരങ്ങൾ എഴുതി തയ്യാറാക്കുക. അവസാനത്തെ 2 ചോദ്യങ്ങൾക്ക് (11&12) ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ഉചിതമായ രീതിയിൽ ഉപന്യാസം തയ്യാറാക്കുക.**

## PART - A

**ഒരു പേജിൽ കവിയാതെ ഉപന്യസിക്കുക: 4 x 6 = 24**
**(ഏതെങ്കിലും നാലെണ്ണം)**

1. ബുദ്ധികൊണ്ട് മനസ്സിലാക്കുന്ന കാര്യങ്ങൾ ഹൃദയത്തിന്റെ തലത്തിൽ അനുഭവിക്കുമ്പോഴാണ് അവ നമ്മുടെ സ്വന്തമാകുന്നത്. ഈശോ എന്റെ രക്ഷകൻ എന്ന് നിങ്ങൾ ഹൃദയംകൊണ്ട് തൊട്ടറിഞ്ഞ സന്ദർഭങ്ങൾ കണ്ടെത്തി എഴുതുക. (അധ്യായം 1)
2. ഈശോ എപ്പോഴും തിന്മക്കെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ചിരുന്നു. ഇന്ന് സമൂഹത്തിൽ ശക്തമായിക്കൊണ്ടിരിക്കുന്ന അക്രമരാഷ്ട്രീയം, മാധ്യമദുരുപയോഗം, സ്ത്രീപീഡനം എന്നീ സാമൂഹ്യതിന്മകൾക്കെതിരെ ഈശോയുടെ ശിഷ്യരെന്ന നിലയിൽ നിങ്ങൾ എങ്ങനെ പ്രതികരിക്കും? (അധ്യായം 11)
3. ക്രിസ്തീയ ജീവിതശൈലി സ്വന്തമാക്കുന്ന വ്യക്തികളിൽ രൂപപ്പെടുന്ന സവിശേഷതകൾ എന്തെല്ലാമെന്നും അവ നിങ്ങളുടെ ജീവിതത്തിൽ എപ്രകാരമെല്ലാം പ്രാവർത്തികമാക്കുന്നു എന്നും വിശദീകരിക്കുക. (അധ്യായം 5)
4. ഒരു കത്തോലിക്കാ കുടുംബത്തിലെ അംഗമായ വിമൽ അന്യമതത്തിൽപ്പെട്ട ഒരു പെൺകുട്ടിയുമായി പ്രണയത്തിലാണ്. അവർ ഒന്നിച്ചു ജീവിക്കുവാൻ ആഗ്രഹിക്കുന്നു. ''സ്ത്രീപുരുഷന്മാർ തമ്മിലുള്ള സ്നേഹവും പരസ്പരധാരണയുമാണ് പ്രധാനം. അതിനാൽ വിവാഹവും മതപരമായ ചടങ്ങുകളും ഒന്നിച്ചുള്ള ജീവിതത്തിന് ആവശ്യമില്ല.'' വിമലിന്റെ ഈ നിലപാടിനോട് നിങ്ങളുടെ വ്യക്തിപരമായ പ്രതികരണമെന്ത്? (അധ്യായം 8)
5. ''ആർഭാട ജീവിതം നയിക്കാൻ മോഷണം തൊഴിലാക്കിയ രണ്ടു ചെറുപ്പക്കാർ പോലീസ് കസ്റ്റഡിയിൽ''. മേൽപ്പറഞ്ഞ പത്രവാർത്തയിലെ ചെറുപ്പക്കാരുടെ ജീവിതശൈലി വിലയിരുത്തി ഒരു കത്തോലിക്കാ സഭാംഗമെന്ന നിലയിൽ നിങ്ങളുടെ കാഴ്ചപ്പാട് വ്യക്തമാക്കുക. (അധ്യായം 9)

## PART - B

**ബൈബിൾ പഠനവും നമസ്ക്കാരങ്ങളും:**

6. നമ്മെ നിരാശരാക്കാത്തത് എന്ത്? (റോമ. 5:5) **1**
7. പാപത്തിന്റെ സ്വാധീനത്തെക്കുറിച്ച് പൗലോസ് ശ്ലീഹ പരാമർശിച്ചിരിക്കുന്ന വചനം. (റോമ 7:19) **2**
8. റോമ 5 മുതൽ 8 വരെയുള്ള അധ്യായങ്ങളിൽ നിങ്ങളെ സ്വാധീനിച്ച ഏതെങ്കിലും ഒരു തിരുവചനം എഴുതുക. (അധ്യായവും വാക്യവും ഏതെന്ന് വ്യക്തമാക്കണം) **2**
9. ദൈവത്തിന്റെ ലക്ഷണങ്ങൾ എഴുതുക **2 ½**
10. പരിശുദ്ധ ദൈവമാതാവിന്റെ ജപമാലയിലെ ജപമാലസമർപ്പണ പ്രാർത്ഥന എഴുതുക. **2 ½**

**പൊതുചോദ്യങ്ങൾ:**

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക. 2 x 8 = 16**

11. ''വിശ്വാസം മനുഷ്യന് ദൈവത്തോടുള്ള വ്യക്തിപരമായ അടുപ്പമാണ്'' (CCC 150) നിങ്ങൾക്ക് ദൈവവുമായുള്ള വ്യക്തിപരമായ ബന്ധം വിശകലനം ചെയ്ത് അനുഭവങ്ങൾ പങ്കുവയ്ക്കുക. സഭയിൽ വിശ്വാസവർഷം ആചരിക്കുന്ന ഈ സന്ദർഭത്തിൽ വിശ്വാസം കൂടുതൽ ആഴപ്പെടുത്തുവാനും പ്രഘോഷിക്കുവാനും സഹായകമായ ഏതാനും പ്രവർത്തനങ്ങൾ നിർദ്ദേശിക്കുക.
12. ''പാപങ്ങളുടെ മോചനത്തിൽ ഞാൻ വിശ്വസിക്കുന്നു'' എന്ന് വിശ്വാസപ്രമാണത്തിൽ നാം ഏറ്റുപറയുന്നുണ്ട്. പാപങ്ങളുടെ മോചനത്തിൽ വൈദികരും കൂദാശകളും ഉപകരണങ്ങളാണ്. സഭയിലൂടെ ദൈവം നൽകിയ ഈ അവസരങ്ങൾ നിങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്തുന്നു? പാപബോധം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആധുനികലോകത്തിൽ പാപമോചനവും സമാധാനവും മനഃസാക്ഷിയുടെ സ്വച്ഛതയും പ്രദാനം ചെയ്യുന്ന കുമ്പസാരമെന്ന കൂദാശയുടെ പ്രസക്തി എന്ത്?

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
# സൺഡേ സ്കൂൾ – രണ്ടാം സർട്ടിഫിക്കറ്റ് പരീക്ഷ

26-01-2012
2 pm - 4 pm

മാർക്ക് : 50
Time : Two Hours

## STD XI
## ഉത്തരസൂചിക
## PART - A

**ഒറ്റവാക്കിൽ ഉത്തരം പറയുക** 2½

1. ദൈവപുത്രൻ 1/10
2. കുരിശിന്റെ മാർഗ്ഗം 3/24
3. വി.പൗലോസ് 5/35
4. വിമോചനം 1/11
5. മനുഷ്യന്റെ സ്വാർത്ഥത 11/76

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** 2½

6. കാർഡിനൽ ന്യൂമാൻ 12/85
7. യോഹ. 14:6 1/12
8. ബ്രഹ്മചര്യം 8/60
9. താൽമൂദ് 2/17
10. സ്വാമി വിവേകാനന്ദൻ 4/31

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക:** **4**

11. 9/63
12. 6/44

**ഒരു പേജിൽ കവിയാതെ ഉത്തരമെഴുതുക.** **12**

13. 12/84 - 85
14. 4/31 - 33
15. 7/54 - 55

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക** **7**

16. 10/69 - 73

## PART - B

**ബൈബിൾ പഠനം**

17. സഹനശീലം (റോമ 5:4) 1
18. ആത്മാവ് (റോമ 8:26) 1
19. മരണത്തിലേക്ക് (റോമ 8:6) 1
20. റോമ 8:14 1
21. റോമ 6:8 1
22. നമസ്കാരങ്ങൾ 3
23. നമസ്കാരങ്ങൾ 2

**ഒരു പേജിൽ കവിയാതെ വിശകലനം ചെയ്യുക** **6**

24 - 25 പൊതുചോദ്യങ്ങൾ

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക.** **6**

26. പൊതുചോദ്യം

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്കൂൾ – രണ്ടാം സർട്ടിഫിക്കറ്റ് പരീക്ഷ

26-01-2012
2 pm - 4 pm

**STD XI**

മാർക്ക് : 50
Time : Two Hours

## PART - A

**ഒറ്റവാക്കിൽ ഉത്തരം പറയുക** 2½

1. ഈശോ ആരാണ് എന്ന ചോദ്യത്തിന് ആദ്യം നൽകാവുന്ന ഉത്തരം?
2. മനുഷ്യകുലത്തിന്റെ സമഗ്രവിമോചിത്തിനായി ഈശോ സ്വീകരിച്ച മാർഗ്ഗം?
3. ക്രൈസ്തവ സഭ ദർശിച്ച ഏറ്റവും തീക്ഷ്ണമതിയായ പ്രേഷിത ശ്രേഷ്ഠൻ?
4. രക്ഷ എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
5. അനീതിയുടെ മൂലകാരണം?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** 2½

6. ''വെളിച്ചമേ നയിച്ചാലും' എന്ന പ്രസിദ്ധമായ പ്രാർത്ഥനയുടെ രചയിതാവ്
(വി.അഗസ്റ്റിൻ, കാർഡിനൽ ന്യൂമാൻ, വി.ബേസിൽ)
7. 'വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേയ്ക്കു വരുന്നില്ല'
(യോഹ 14:14, യോഹ 14:6, യോഹ 14:8)
8. ലൈംഗികതയുടെ ഉദാത്തഭവമായി സഭ കാണുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ജീവിതാന്തസ്സ്
(വിവാഹം, ഏകസ്ഥജീവിതം, ബ്രഹ്മചര്യം)
9. യഹൂദരുടെ നിയമസംഹിതയും വ്യാഖ്യാനവുമടങ്ങിയ ഗ്രന്ഥം
(യഹൂദ പൗരാണികത്വം, അനൾസ്, താൽമൂദ്)
10. 'നസ്രായനായ ഈശോ ഇന്ന് ജീവിച്ചിരുന്നുവെങ്കിൽ ഞാൻ അദ്ദേഹത്തിന്റെ പാദങ്ങൾ കഴുകുമായിരുന്നു. കണ്ണീരു കൊണ്ടല്ല. എന്റെ ഹൃദയ രക്തം കൊണ്ട്.'
(മഹാത്മാഗാന്ധി, സ്വാമി വിവേകാനന്ദൻ, മദർതെരേസ)

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക:** 4

11. സമ്പത്തിനെ സംബന്ധിച്ച ക്രൈസ്തവ കാഴ്ചപ്പാട് എന്ത്?
12. ഉത്തമ മനഃസാക്ഷി രൂപീകരണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?

**ഒരു പേജിൽ കവിയാതെ ഉത്തരമെഴുതുക.** 12

13. ക്രൈസ്തവർ ലോകത്തിന്റെ പ്രകാശമായിത്തീരണം. വിശദമാക്കുക.
14. ക്രിസ്തീയ വ്യക്തിത്വം വളർത്തിയെടുക്കേണ്ട ഒരു യാഥാർത്ഥ്യമാണ്. അതിന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?
15. ജീവസംസ്ക്കാരം വളർത്താനും വളർത്താനും പ്രചരിപ്പിക്കാനും ക്രൈസ്തവ നാം ചെയ്യേണ്ടതെന്ത്?

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക** 7

16. അധ്വാനത്തെ ദൈവാരാധനയാക്കി മാറ്റുവാനുള്ള വിളിയും ദൗത്യവുമാണ് ഓരോ ക്രൈസ്തവനും ലഭിച്ചിട്ടുള്ളത്. അധ്വാനത്തിന്റെ മാഹാത്മ്യം എന്ന പാഠത്തെ അടിസ്ഥാനമാക്കി തൊഴിലിനെക്കുറിച്ചുള്ള ക്രൈസ്തവ വീക്ഷണം വിശദമാക്കുക.

## PART - B

**ബൈബിൾ പഠനം**

17. കഷ്ടത നമ്മിൽ ഉളവാക്കുന്നതെന്ത്? 1
18. നമ്മുടെ ബലഹീനതയിൽ നമ്മെ സഹായിക്കുന്നതാര് 1
19. ജഡികാഭിലാഷങ്ങൾ എന്തിലേക്ക് നയിക്കുന്നു 1
20. ബൈബിളിൽ നിന്ന് ഉദ്ധരിക്കുക. റോമ 8:14 (ദൈവാത്മാവിനാൽ....) 1
21. ബൈബിളിൽ നിന്ന് ഉദ്ധരിക്കുക. റോമ 6:8 (നാം ക്രിസ്തുവിനോടു കൂടെ.....) 1

**നമസ്കാരങ്ങൾ**

22. പരിശുദ്ധ ദൈവമാതാവിന്റെ ജപമാല സമർപ്പണ പ്രാർത്ഥന എഴുതുക. 3
23. പരിശുദ്ധരൂപിയുടെ ദാനങ്ങൾ എഴുതുക. 2

**ഒരു പേജിൽ കവിയാതെ വിശകലനം ചെയ്യുക** 6

24. 'ആർദ്രതയുള്ള ഹൃദയം, ദയാമസൃണമായ സംസാരം, സ്നേഹവും കാരുണ്യവും നിറഞ്ഞ ജീവിതം. ഇവയാണ് മാനവികതയെ നവീകരിക്കാനുള്ള ആയുധങ്ങൾ.' ഈവർഷം നിങ്ങൾ നടത്തിയ ഔട്ട് റീച്ച് പ്രോഗ്രാമിന്റെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുക.
25. 'പ്രായപൂർത്തിയായ ആണും പെണ്ണും തമ്മിലുള്ള ബന്ധം ലൈംഗികമായാലും അല്ലെങ്കിലും അതിന് കല്യാണം ഒരു ആവശ്യകതയാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല.' പ്രസിദ്ധനായ ഒരു സിനിമാതാരത്തിന്റെ ഈ പ്രസ്താവനയോട് ഒരു ക്രൈസ്തവ വിദ്യാർത്ഥി എന്ന നിലയിൽ നിങ്ങളുടെ പ്രതികരണമെന്ത്?

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക.** 6

26. രണ്ടിലധികം കുട്ടികളുള്ള മാതാപിതാക്കളെ ശിക്ഷിക്കുവാനും ഇതിനെതിരെ പ്രവർത്തിക്കുന്ന മതസംഘടനകളെ നിയന്ത്രിക്കുവാനും ശ്രമിക്കുന്ന വിമൻസ് കോഡ് ബിൽ ശുപാർശകൾ എങ്ങനെ ക്രൈസ്തവ വിശ്വാസങ്ങൾക്കും മൂല്യങ്ങൾക്കും വെല്ലുവിളിയാകുന്നു എന്ന് വിശദമാക്കുക.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്കൂൾ – ഡിപ്ലോമ പരീക്ഷ

26-01-2011
2 pm - 4 pm

**STD XI**
**PART - A**

മാർക്ക് : 50
Time : Two Hours

**ഒറ്റവാക്കിൽ ഉത്തരം പറയുക** 2½

1. തൊഴിലാളികളുടെ അവകാശപത്രിക എന്നറിയപ്പെടുന്ന ചാക്രികലേഖനം?
2. ഈശോ തന്റെ ശിഷ്യന്മാരെ വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്ന ശക്തമായ ഒരു പ്രതീകം?
3. ക്രൈസ്തവ വിവാഹത്തിന്റെ സവിശേഷതയായി നിലകൊള്ളുന്നത്?
4. ക്രിസ്തുവിൽ വിശ്വസിച്ചവർ ആദ്യമായി ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെട്ട സ്ഥലം?
5. യുവജനങ്ങളുടെ മധ്യസ്ഥൻ എന്നറിയപ്പെടുന്ന വിശുദ്ധൻ

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** 2½

6. നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്.
(വി.പൗലോസ്, വി.പത്രോസ്, വി.യോഹന്നാൻ)
7. ഓരോരുത്തർക്കും അർഹതപ്പെട്ടത് നൽകാതിരുന്നതാണ്
(അനീതി, സ്വാർത്ഥത, വിവേചനം)
8. നിരപരാധികളെ വധിക്കാൻ അനുവദിക്കുന്ന ഒരു രാഷ്ട്രം ഒരിക്കലും ലോകത്തിൽ ഒന്നാമതാകില്ല.
(രണ്ടാം വത്തിക്കാൻ കൗൺസിൽ, മദർതെരേസ, വി.ജാന്ന ബെറേത്ത)
9. അധ്വാനത്തിന്റെ മഹത്വവും ദൈവശാസ്ത്രവും ലോകത്തിനു മുൻപിൽ അവതരിപ്പിച്ച ചാക്രികലേഖനം?
10. 'തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും, തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും.'
(ലൂക്ക 14, 11, ലൂക്ക 21,4, ലൂക്ക 6,36)

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക:** **4**

11. സമ്പത്ത് ദൈവദാനമാണ് എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
12. മറ്റു സൃഷ്ടികളിൽ നിന്ന് വ്യത്യസ്തമായി മനുഷ്യജീവന്റെ മഹത്വം എന്ത്?

**ഒരു പേജിൽ കവിയാതെ ഉപന്യസിക്കുക:** **12**

13. ഈശോ സമഗ്രവിമോചകനാണ്. വിശദമാക്കുക.
14. അധ്വാനം ദൈവാരാധനയിലുള്ള പങ്കുചേരലാകുന്നതെങ്ങനെ?
15. ക്രൈസ്തവർ ഭൂമിയുടെ ഉപ്പായിത്തീരേണ്ടതെങ്ങനെ?

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക** **7**

16. സാമൂഹ്യവ്യവസ്ഥിതികളെ ജീർണ്ണിപ്പിക്കുകയും സമൂഹജീവിതത്തെ ദോഷകരമായി സ്വാധീനിക്കുകയും ചെയ്യുന്ന സാമൂഹ്യതിന്മകൾ ഏവ? അവക്കെതിരെ എങ്ങനെ പ്രതികരിക്കാം?

**PART - B**

17. പാപത്തിന്റെ വേതനം എന്ത്? 1
18. ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവർ ആര്? 1
19. സഹനശീലം നമ്മിൽ ഉളവാക്കുന്നതെന്ത്? 1
20. ബൈബിളിൽ നിന്ന് ഉദ്ധരിക്കുക. റോമ 7:19 (ഇച്ഛിക്കുന്ന നന്മ.....) 1
21. ബൈബിളിൽ നിന്ന് ഉദ്ധരിക്കുക. റോമ 8:31 (ദൈവം നമ്മുടെ.....) 1
22. തിരുസഭയുടെ കൽപനകൾ എഴുതുക. 3
23. കുരിശടയാളം (വലുത്) എഴുതുക. 2

**ഒരു പേജിൽ കവിയാതെ വിശകലനം ചെയ്യുക.** **6**

24. തൊഴിലില്ലായ്മ മനുഷ്യജീവിതത്തെ ദുഷ്കരമാക്കുന്നു. ഈ അവസ്ഥയിൽ നിങ്ങളുടെ പ്രതികരണമെന്ത്?
25. മൊബൈൽ ഫോൺ, ഇന്റർനെറ്റ് തുടങ്ങിയ ആധുനിക മാധ്യമങ്ങളുടെ ദുരുപയോഗം യുവജനങ്ങളിൽ ധാർമ്മികാധഃപതനത്തിനു കാരണമാകുന്നു.

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക.** **6**

26. ഒരു പ്രമുഖ മലയാളദിപത്രം കുട്ടികൾക്കിടയിൽ നടത്തിയ ഒരു സർവേയുടെ നിഗമനങ്ങളും കണ്ടെത്തലുകളും താഴെ കൊടുത്തിരിക്കുന്നു.
45% കുട്ടികൾക്ക് ജീവിതം മടുത്തുകഴിഞ്ഞു. 35.4% ആൺകുട്ടികളും 34% പെൺകുട്ടികളും ലൈഗിക പീഡനത്തിന്റെ ഇരകൾ, 18.4% ആൺകുട്ടികൾ ലഹരിക്ക് അടിമകൾ, ഞെട്ടിപ്പിക്കുന്ന ഈ സർവേയുടെ കണ്ടെത്തലുകളെ വിലയിരുത്തി ക്രൈസ്തവ പരിഹാര മാർഗങ്ങൾ നിർദ്ദേശിക്കുക.